'ഭരണഭാഷ - മാതൃഭാഷ'

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആയ ശ്രീ.വിനോദ്.വി.ടി.യുടെ വയനാട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ അന്യത്ര സേവന കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 1245/2019/തസ്വഭവ. തിരുവനന്തപുരം, തീയതി, 18.06.2019.

പരാമർശം:- 1) 10.05.2013 ലെ സർക്കുലർ നമ്പർ. 42/2013/ധന

2) 28.11.2013 ലെ സ.ഉ. (പി) നം. 580/2013/ധന

3) സ.ഉ.(സാധാ) നം.812/2018/തസ്വഭവ തീയതി, 26.03.2018

4) 12.03.2019, 24.05.2019 എന്നീ തീയതികളിലെ ഗ്രാമവികസന കമ്മീഷണറുടെ 175/എസ്റ്റാ.ഡി4/2019/സി.ആർ.ഡി. നമ്പർ കത്തുകൾ.

## ഉത്തരവ്

പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ ശ്രീ.വിനോദ്.വി.ടി.-ക്ക് വയനാട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ഒരു വർഷത്തേക്ക് അന്യത്ര സേവനം അനുവദിച്ച് ഉത്തരവായിരുന്നു. ശ്രീ. വിനോദ്. വി.ടി.യുടെ അന്യത്ര സേവന കാലാവധി 02.05.2019 ന് അവസാനിക്കുകയാണെന്നും ആയത് 03.05.2019 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു. സീനിയർഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആയ ശ്രീ. വിനോദ് വി.ടി. നിലവിൽ കൈപ്പറ്റുന്ന അടിസ്ഥാന ശമ്പളം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ ശമ്പള സ്കെയിലിന്റെ പരിധിക്കുള്ളിൽ വരുന്നതാകയാൽ ടിയാന്റെ അപേക്ഷ പരിഗണിക്കാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചിരുന്നു. ടിയാന്റെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിന് വിയോജിപ്പില്ലെന്ന് വയനാട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പരാമർശം (2)-ലെ സർക്കാർ ഉത്തരവിന് അനുസൃതമായി, ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (4)-ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ, വയനാട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ജോലി ചെയ്തു വരുന്ന, ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റായ, ശ്രീ. വിനോദ് വി.ടി.യുടെ അന്യത്ര സേവന കാലാവധി KSR ഭാഗം I ലെ ചട്ടം 140 (C)- യിലെ വ്യവസ്ഥകൾക്കും മേൽ സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 03.05.2019 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വി. നാഗന്ദ്രൻ

ഡെപ്യൂട്ടി സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം, വയനാട്

ശ്രീ.വിനോദ് വി.ടി., സീനിയർ ഗ്രേഡ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ദാരിദ്ര്യ ലഘൂകരണ വിഭാഗം, വയനാട് (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ് എസ് എ /ഇ ആന്റ് ആർ എസ് എ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ